# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.T2537 — 06/12/2018-ൽ മറുപടിക്ക്

**അണക്കെട്ടുകൾ തുറക്കുന്നതിനുള്ള നടപടികളെക്കുറിച്ച് രൂപരേഖ**

| | ചോദ്യം<br><br>**ശ്രീ.പാറക്കൽ അബ്ദുല്ല** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇടുക്കി അടക്കം മറ്റ് പ്രധാനപ്പെട്ട ചില അണക്കെട്ടുകൾ തുറക്കേണ്ട സാഹചര്യത്തിലും പൊട്ടുന്ന സാഹചര്യമുണ്ടായാൽ അപ്പോഴും സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പഠിച്ച് രൂപരേഖ തയ്യാറാക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഏതൊക്കെയാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് അണക്കെട്ടുകൾ;വ്യക്തമാക്കുമോ; | (ബി) | ശബരിഗിരി പദ്ധതിയുടെ ഭാഗമായി കക്കി, ആനത്തോട്, പമ്പ ഡാമുകളുടെ പ്രസ്തുത രൂപരേഖ (Emergency Action Plan - EAP) തയ്യാറാക്കുവാൻ തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനെ ഏൽപ്പിച്ചിട്ടുണ്ട് (Centre for Continuing Education, College of Engineering, Thiruvananthapuram).<br><br>ഇടമലയാർ, ഷോളയാർ മെയിൻ, ഷോളയാർ ഫ്ലാങ്കിങ്ങ്, പൊരിങ്ങൽകുത്ത് ഡാമുകളുടെ പഠനം, Entura Hydro Tasmania India Private Limited കമ്പനിയെ ഏൽപ്പിച്ചിട്ടുണ്ട്.<br><br>മറ്റ് പ്രധാനപ്പെട്ട ഡാമുകളുടെ എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡ്രിപ്പിന്റെ ഭാഗമായി CWC പ്രാഥമികതല പഠനം നടത്തി നൽകിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ഇ.ബി.യിൽ ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത രൂപരേഖ എന്നത്തേക്ക് ലഭ്യമാകും; ഇതുമായി ബന്ധപ്പെട്ട് ഇതിനോടകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ? | (സി) | കക്കി, ആനത്തോട്, പമ്പ ഡാമുകളുടെ പഠന റിപ്പോർട്ട് 2018 ഡിസംബർ 31 - നകം ലഭ്യമാക്കുന്നതാണ്. ഇടമലയാർ, ഷോളയാർ മെയിൻ, ഷോളയാർ ഫ്ലാങ്കിങ്ങ്, പൊരിങ്ങൽകുത്ത് ഡാമുകളുടെ പഠന റിപ്പോർട്ട് ഡിസംബർ 2019-ൽ ലഭ്യമാക്കും. കെ.എസ്.ഇ.ബി. ടീം പഠനം നടത്തുന്ന ഡാമുകളുടെ പഠന റിപ്പോർട്ട് മേയ് 2019-ൽ പൂർത്തീകരിയ്ക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ